## പതിമൂന്നാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 1004 — 11.07.2011 ലെ മറുപടിക്ക്

### സഹകരണ ബാങ്കുകളിലെ യാത്രാബത്ത, ഓണറേറിയം, സിറ്റിംഗ് ഫീസ് എന്നിവയുടെ വർദ്ധനവ്

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ | ശ്രീ. സി.എൻ. ബാലകൃഷ്ണൻ (സഹകരണവും ഖാദി-ഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്തെ സഹകരണ ബാങ്കുകളിലെ പ്രസിഡന്റുമാർ, വൈസ് പ്രസിഡന്റുമാർ, ഭരണ സമിതിയംഗങ്ങൾ എന്നിവരുടെ യാത്രാബത്ത, ഓണറേറിയം, സിറ്റിംഗ് ഫീസ് എന്നിവ വർദ്ധിപ്പിച്ചുകൊണ്ട് തീരുമാനമെടുത്തിട്ടുണ്ടോ ; | എ) സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളിലെ പ്രസിഡന്റ്, വൈസ് പ്രസിഡന്റ് ഭരണ സമിതി അംഗങ്ങൾ എന്നിവർക്കുള്ള യാത്രാബത്ത ഒഴികെയുള്ള ഓണറേറിയം, സിറ്റിംഗ് ഫീസ് എന്നിവ വർദ്ധിപ്പിച്ചിട്ടുണ്ട്. |
| ബി) എങ്കിൽ ഇത് സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ ; | ബി) പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. |
| സി) ഈ ഉത്തരവ് പ്രകാരം ഏതെല്ലാം സ്ഥാനങ്ങളിലുള്ള എത്ര പേർക്ക് ഏതെല്ലാം ഇനത്തിൽ എത്ര രൂപയുടെ വീതം വർദ്ധനവ് ഉണ്ടായിട്ടുണ്ടെന്ന് വിശദമാക്കാമോ ? | സി) ഈ ഉത്തരവ് പ്രകാരം കേരള സംസ്ഥാന സഹകരണ ബാങ്ക് പ്രസിഡന്റിനും, കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക് പ്രസിഡന്റിനുമുള്ള ഓണറേറിയത്തിൽ 4000/- രൂപയുടെ വർദ്ധനവും, വൈസ് പ്രസിഡന്റുമാർക്ക് 2000/- രൂപയുടെ വർദ്ധനവും, ദിനബത്ത ഇനത്തിൽ 100/- രൂപയുടെ വർദ്ധനവും, സിറ്റിംഗ് ഫീസ് ഇനത്തിൽ 200/- രൂപയുടെ വർദ്ധനവും, കേരള സംസ്ഥാന സഹകരണ കൺസ്യൂമേഴ്സ് ഫെഡറേഷൻ, കേരള സംസ്ഥാന സഹകരണ മാർക്കറ്റിംഗ് ഫെഡറേഷൻ, കേരള സംസ്ഥാന സഹകരണ റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷൻ, കേരള കേര കർഷക സഹകരണ ഫെഡറേഷൻ, കേരള സംസ്ഥാന സഹകരണ ഹൗസിംഗ് ഫെഡറേഷൻ എന്നിവയിലെ പ്രസിഡന്റുമാർക്കും, വൈസ് പ്രസിഡന്റുമാർക്കും ഓണറേറിയം ഇനത്തിൽ യഥാക്രമം 2500/-, 1000/- രൂപയുടെ വർദ്ധനവും ദിനബത്ത ഇനത്തിൽ 100/- രൂപയുടെ വർദ്ധനവും സിറ്റിംഗ് |

ഫീസ് ഇനത്തിൽ കേരള സംസ്ഥാന സഹകരണ ഹൗസിംഗ് ഫെഡറേഷന് 200/- രൂപയും, ബാക്കിയുള്ളവർക്ക് 150/- രൂപയുടെ വർദ്ധനവും ഉണ്ടായിട്ടുണ്ട്. കേരള സംസ്ഥാന പട്ടികജാതി/ പട്ടികവർഗ്ഗ വികസന സഹകരണ ഫെഡറേഷൻ, കേരള സംസ്ഥാന സഹകരണ ഹോസ്പിറ്റൽ ഫെഡറേഷൻ എന്നിവയിലെ പ്രസിഡന്റുമാർക്ക് ഓണറേറിയം ഇനത്തിൽ 2000/- രൂപയും, പട്ടികജാതി/പട്ടികവർഗ്ഗ വികസന ഫെഡറേഷനിലെ വൈസ് പ്രസിഡന്റിന് 1000/- രൂപയുടെ വർദ്ധനവും, സഹകരണ ഹോസ്പിറ്റൽ ഫെഡറേഷനിലെ വൈസ് പ്രസിഡന്റിന് 2000/- രൂപ ഓണറേറിയം ഇനത്തിൽ ആദ്യമായി അനുവദിച്ച് നൽകിയിട്ടുമുണ്ട്. ഇവരുടെ ദിനബത്ത ഇനത്തിൽ 100/- രൂപയുടെ വർദ്ധനവും സിറ്റിംഗ് ഫീസ് ഇനത്തിൽ യഥാക്രമം 100/- രൂപയുടെയും 150/- രൂപയുടെയും വർദ്ധനവും ഉണ്ടായിട്ടുണ്ട്. കേരള വനിത സഹകരണ ഫെഡറേഷൻ, ജില്ലാ സഹകരണ ബാങ്കുകൾ, കേരള സ്റ്റേറ്റ് റബ്ബർ കോ-ഓപ്പറേറ്റീവ് ലിമിറ്റഡ്, റീജിയണൽ ആഗ്രോ ഇൻഡസ്ട്രിയൽ ഡവലപ്പ്മെന്റ് കോ-ഓപ്പറേറ്റീവ് ലിമിറ്റഡ്, കേരള സ്റ്റേറ്റ് ആഗ്രോ കോ-ഓപ്പറേറ്റീവ് ലിമിറ്റഡ്, പ്രാഥമിക സഹകരണ കാർഷിക ഗ്രാമവികസന ബാങ്കുകൾ എന്നിവയിലെ പ്രസിഡന്റുമാർക്ക് ഓണറേറിയം ഇനത്തിൽ യഥാക്രമം 1000/- രൂപ, 3000/- രൂപ, 2500/- രൂപ, 2000/- രൂപ, 2000/- രൂപ, 2000/- രൂപ എന്നിങ്ങനെയും വൈസ് പ്രസിഡന്റുമാർക്ക് യഥാക്രമം 500/- രൂപ, 1000/- രൂപ എന്നിങ്ങനെയും ദിനബത്ത ഇനത്തിൽ യഥാക്രമം 50/- രൂപയും തുടർന്നുള്ളവർക്ക് 100/- രൂപ എന്നിങ്ങനെയും, സിറ്റിംഗ് ഫീസ് ഇനത്തിൽ യഥാക്രമം 150/- രൂപയും പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കിന് 200/- രൂപയുടെയും വർദ്ധനവ് ഉണ്ടായിട്ടുണ്ട്.
അർബൻ സഹകരണ ബാങ്കുകളിൽ സ്പെഷ്യൽ ഗ്രേഡ് മുതൽ ക്ലാസ്സ് 6 വരെയുള്ളതിൽ പ്രസിഡന്റുമാർക്ക് പരമാവധി 2000/- രൂപയുടെ വർദ്ധനവും, സ്പെഷ്യൽ ഗ്രേഡ് ബാങ്കിലെ വൈസ് പ്രസിഡന്റിന് പുതുതായി 2500/- രൂപ ഓണറേറിയവും അനുവദിച്ച് നൽകിയിട്ടുമുണ്ട്. ദിനബത്ത ഇനത്തിൽ പരമാവധി 100/- രൂപയുടെ വർദ്ധനവും, സിറ്റിംഗ് ഫീസ് ഇനത്തിൽ പരമാവധി 250/- രൂപയുടെ വർദ്ധനവും മേൽ വിഭാഗക്കാർക്ക് ഉണ്ടായിട്ടുണ്ട്.

പ്രാഥമിക വായ്പാ സംഘങ്ങളിൽ (കാർഷിക/ കാർഷികേതര/അർബൻ സംഘങ്ങൾ/റൂറൽ ബാങ്കുകൾ, ജീവനക്കാരുടെ വായ്പാ സംഘങ്ങൾ ഉൾപ്പെടെയും, ഹൗസിംഗ് സംഘങ്ങൾ ഒഴികെയും) സ്പെഷ്യൽ ഗ്രേഡ് മുതൽ ക്ലാസ്സ് 7 വരെയുള്ളതിൽ പ്രസിഡന്റുമാർക്ക് ഓണറേറിയം ഇനത്തിൽ പരമാവധി 1500/- രൂപയുടെ വർദ്ധനവും ദിനബത്ത ഇനത്തിൽ 100/- രൂപയുടെ വർദ്ധനവും സിറ്റിംഗ് ഫീസ് ഇനത്തിൽ പരമാവധി 150/- രൂപയുടെ വർദ്ധനവും ഉണ്ടായിട്ടുണ്ട്. പ്രാഥമിക ഹൗസിംഗ് സഹകരണ സംഘത്തിന്റെ പ്രസിഡന്റുമാർക്ക് ഓണറേറിയം ഇനത്തിൽ പരമാവധി 1000/- രൂപയുടെ വർദ്ധനവും ദിനബത്ത ഇനത്തിൽ പരമാവധി 50/- രൂപയുടെ വർദ്ധനവും സിറ്റിംഗ് ഫീസ് ഇനത്തിൽ പരമാവധി 75 രൂപയുടെയും വർദ്ധനവും ഉണ്ടായിട്ടുണ്ട്. പ്രൈമറി മാർക്കറ്റിംഗ് ആന്റ് പ്രോസസിംഗ് സഹകരണ സംഘങ്ങളിൽ ക്ലാസ്സ് 1 മുതൽ 4 വരെയുള്ള സംഘങ്ങളിലെ പ്രസിഡന്റുമാർക്ക് ഓണറേറിയം ഇനത്തിൽ പരമാവധി 500/- രൂപയുടെ വർദ്ധനവും ഉണ്ടായിട്ടുണ്ട്. വാർഷിക വിറ്റുവരവ് 10 കോടിയിൽ കൂടുതലുള്ള ടി സംഘങ്ങളിലെ പ്രസിഡന്റ് മാർക്ക് ഓണറേറിയം ഇനത്തിൽ പരമാവധി 3500/- രൂപയും ദിനബത്ത ഇനത്തിൽ പരമാവധി 250/- രൂപയും സിറ്റിംഗ് ഫീസ് ഇനത്തിൽ പരമാവധി 300/- രൂപയും പുതുതായി അനുവദിച്ച് നൽകിയിട്ടുണ്ട്. ജില്ലാ മൊത്ത വ്യാപാര സഹകരണ സംഘങ്ങളിലെ പ്രസിഡന്റുമാർക്ക് ഓണറേറിയം ഇനത്തിൽ 1000/- രൂപയുടെയും സിറ്റിംഗ് ഫീസ് ഇനത്തിൽ 25/- രൂപയുടെയും വർദ്ധനവ് ഉണ്ടായിട്ടുണ്ട്. വനിതാ സഹകരണ സംഘങ്ങളിൽ 10 ലക്ഷത്തിനു മുകളിൽ പ്രവർത്തന മൂലധന മുള്ളവയിൽ പ്രസിഡന്റുമാർക്ക് ഓണറേറിയം ഇനത്തിൽ പരമാവധി 500/- രൂപയും 25 ലക്ഷത്തിനു മുകളിൽ 1750/-രൂപയും ദിനബത്ത ഇനത്തിൽ 100/- രൂപയും സിറ്റിംഗ് ഫീസ് ഇനത്തിൽ 150/- രൂപയും 75 ലക്ഷത്തിനു മുകളിലുള്ള സംഘങ്ങളിലെ പ്രസിഡന്റുമാർക്ക് ഓണറേറിയം ഇനത്തിൽ 2250/- രൂപയും ദിനബത്ത ഇനത്തിൽ 150/- രൂപയും സിറ്റിംഗ് ഫീസ് ഇനത്തിൽ 200/- രൂപയും പുതുതായി നിശ്ചയിച്ച് നൽകിയിട്ടുണ്ട്. കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ കോംപ്ലക്സ് & സെന്റർ ഫോർ അഡ്വാൻസ്ഡ് മെഡിക്കൽ സർവ്വീസസ്

പ്രസിഡന്റിന് ഓണറേറിയം ഇനത്തിൽ 3000/- രൂപയുടെ വർദ്ധനവും വൈസ് പ്രസിഡന്റിന് പരമാവധി 1000/- രൂപയുടെ വർദ്ധനവും ദിനബത്ത ഇനത്തിൽ 100/- രൂപയുടെ വർദ്ധനവും സിറ്റിംഗ് ഫീസ് ഇനത്തിൽ 150/- രൂപയുടെ വർദ്ധനവും ഉണ്ടായിട്ടുണ്ട്. ഹോസ്പിറ്റൽ സഹകരണ സംഘങ്ങളിൽ പ്രസിഡന്റുമാർക്ക് ഓണറേറിയം ഇനത്തിൽ പരമാവധി 1500/- രൂപയുടെയും ദിനബത്ത ഇനത്തിൽ പരമാവധി 75/- രൂപയുടെയും സിറ്റിംഗ് ഫീസ് ഇനത്തിൽ പരമാവധി 125/- രൂപയുടെയും വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

ഇതിനു പുറമെ ടി പട്ടികയിൽപ്പെടാത്ത മറ്റ് സഹകരണ സംഘങ്ങൾക്ക് വാർഷിക വിറ്റുവരവ്/പ്രവർത്തന മൂലധനം എന്നിവയുടെ അടിസ്ഥാനത്തിൽ ചുവടെ പരാമർശിക്കുന്ന തുകകളും പുതുതായി നിശ്ചയിച്ച് നൽകിയിട്ടുണ്ട്.

| | ഓണറേറിയം | ദിനബത്ത | സിറ്റിംഗ് ഫീസ് |
|---|---|---|---|
| 2 കോടിയിൽ കൂടുതൽ ഉള്ളവ | 3000 | 200 | 200 |
| 1 കോടിയിൽ കൂടുതൽ ഉള്ളവ | 2500 | 150 | 250 |
| 50 ലക്ഷത്തിൽ കൂടുതൽ ഉള്ളത് | 2000 | 150 | 200 |
| 25 ലക്ഷത്തിൽ കൂടുതൽ ഉള്ളത് | 1500 | 100 | 150 |
| 10 ലക്ഷത്തിൽ കൂടുതൽ ഉള്ളത് | 1000 | 100 | 100 |

( [illegible] )

Rajendran
സെക്ഷൻ ഓഫീസർ